പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2297 **27-10-2026-ൽ മറുപടിയ്ക്ക്**

കെ-സ്വിഫ്റ്റ് ഏകജാലക സംവിധാനത്തിന്റെ കാര്യക്ഷമത വർധിഷിക്കാൻ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. പി. കെ. ഫിറോസ്

മറുപടി നൽകിയ മന്ത്രി

ശ്രീ. പി. കെ. കൃഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് പുതിയ വ്യവസായങ്ങളും സംരംഭങ്ങളും ആരംഭിക്കുന്നതിനുള്ള നടപടികൾ ലളിതമാക്കുന്നതിന് നടപ്പിലാക്കിവരുന്ന കെ-സ്വിഫ്റ്റ് ഏകജാലക സംവിധാനത്തിലൂടെ വിവിധ അനുമതികളും സേവനങ്ങളും സമയബന്ധിതമായി ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

മറുപടി: സംസ്ഥാനത്ത് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ അനുമതികൾ വേഗത്തിലും സുതാര്യമായും സമയബന്ധിതമായും ലഭ്യമാക്കുന്ന കെ-സ്വിഫ്റ്റ് (K-SWIFT) ഓൺലൈൻ ഏകജാലക സംവിധാനത്തിലൂടെ നിലവിൽ 22 വകുപ്പുകളിലെ 120-ലധികം സേവനങ്ങൾ സംരംഭകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. 2019-ലെ കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമപ്രകാരം, മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽ പെടാത്ത സംരംഭങ്ങൾക്ക് സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനാനുമതി ഉൾപ്പെടെയുള്ള വിവിധ സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽ നിന്ന് 3 വർഷം 6 മാസത്തേക്ക് ഇളവ് അനുവദിച്ചുകൊണ്ട് നൽകുന്ന "തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രം" കെ-സ്വിഫ്റ്റിലൂടെ നൽകിവരുന്നു. കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം, 2018 പ്രകാരം അപേക്ഷ നൽകി 30 ദിവസത്തിനകം ബന്ധപ്പെട്ട വകുപ്പ് അനുമതി നൽകാത്ത പക്ഷം കല്പിത അനുമതിയായി (Deemed clearance) കെ-സ്വിഫ്റ്റ് വഴി ലഭിക്കുന്നതാണ്.

(ബി) വിവിധ വകുപ്പുകളുടെ അനുമതി ആവശ്യമായ അപേക്ഷകളിൽ ഏകോപനം മെച്ചപ്പെടുത്തുന്നതിനും അപേക്ഷകളുടെ തീർപ്പാക്കൽ വേഗത്തിലാക്കുന്നതിനുമായി നിലവിലുള്ള സംവിധാനത്തിൽ വരുത്തിയിട്ടുള്ള പരിഷ്കാരങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

മറുപടി: വ്യവസായ സൗഹൃദ അന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും അനുമതികൾ നൽകുന്ന പ്രക്രിയ കൂടുതൽ ഉത്തരവാദിത്വവും സുതാര്യമായും വേഗത്തിലും തീർപ്പ് കൽപ്പിക്കുന്നതിനായി 'ഒരു സംസ്ഥാനം - ഒരു അനുമതി - ഒരു രേഖ' എന്ന ലക്ഷ്യത്തോടെ 'സരൾ കേരളം' (Simplified & Accelerated Regulatory Approvals and Licensing) എന്ന ഏകീകൃത നിയമാധിഷ്ഠിത അതോറിറ്റി രൂപീകരിക്കുന്നതിനുള്ള ബില്ല് നിയമസഭയിൽ അവതരിപ്പിച്ച് പാസാക്കിയിട്ടുണ്ട്. പുതിയ സംവിധാനത്തിൽ അപേക്ഷകളുടെ പ്രാഥമിക സൂക്ഷ്മപരിശോധന ബന്ധപ്പെട്ട വകുപ്പുകൾ

നിർവഹിക്കുമെങ്കിലും ലൈസൻസ് നൽകാനുള്ള അധികാരം ദ്വിതല സ്റ്റാറ്റ്യൂട്ടറി സംവിധാനമായ 'സരൾ കേരളം അതോറിറ്റി'യിൽ നിക്ഷിപ്തമായിരിക്കും. ഇതനുസരിച്ച് 50 കോടി രൂപയ്ക്ക് മുകളിൽ മൂലധന നിക്ഷേപമുള്ള പദ്ധതികൾക്ക് വകുപ്പുകളുടെ സൂക്ഷ്മപരിശോധനയ്ക്ക് ശേഷം സ്റ്റേറ്റ്-ലെവൽ അപ്രൈസൽ കമ്മിറ്റി സാങ്കേതിക വിലയിരുത്തൽ നടത്തുകയും ചീഫ് സെക്രട്ടറി അധ്യക്ഷനായ സ്റ്റേറ്റ്-ലെവൽ അപ്രൂവൽ കമ്മിറ്റി അന്തിമ തീരുമാനമെടുക്കുകയും ചെയ്യും. 25 കോടി രൂപ മുതൽ 50 കോടി രൂപ വരെയുള്ള പദ്ധതികൾക്ക് വകുപ്പുകളുടെ സൂക്ഷമപരിശോധനയ്ക്ക് ശേഷം ഡിസ്ട്രിക്ട്-ലെവൽ അപ്രൈസൽ കമ്മിറ്റിയുടെ വിലയിരുത്തൽ നടത്തുകയും ജില്ലാ കളക്ടർ അധ്യക്ഷനായ ഡിസ്ട്രിക്ട്-ലെവൽ അപ്രൂവൽ കമ്മിറ്റി അന്തിമ തീരുമാനമെടുക്കുകയും ചെയ്യും. 25 കോടി രൂപ വരെയുള്ള പദ്ധതികൾക്ക് നിലവിലെ ഏകജാലക സംവിധാനം തുടരുമെങ്കിലും നിർണായക നിക്ഷേപങ്ങളുടെ കാര്യത്തിൽ ഈ പരിധിയിൽ ഇളവ് നൽകാൻ സർക്കാരിന് അധികാരം നൽകുന്ന വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടുണ്ട്. അപേക്ഷകൾ തീർപ്പാക്കാൻ പരമാവധി 75 ദിവസത്തെ സമയപരിധി നിശ്ചയിച്ച്, ഒറ്റ പൊതു ഓൺലൈൻ സംവിധാനത്തിലൂടെ ഏകീകൃത അനുമതി സർട്ടിഫിക്കറ്റ് ലഭ്യമാക്കി കാലതാമസവും അനിശ്ചിതത്വവും ഒഴിവാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംരംഭകർക്ക് അനുമതികൾ ലഭ്യമാക്കുന്നതിലെ നടപടിക്രമങ്ങൾ കൂടുതൽ ലളിതമാക്കുന്നതിനും വ്യവസായ സൗഹൃദ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനുമായി നിയമഭേദഗതികൾ, ഡിജിറ്റൽ സേവനങ്ങളുടെ വിപുലീകരണം, വകുപ്പുതല ഏകോപനം എന്നിവ ഉൾപ്പെടെയുള്ള കൂടുതൽ നടപടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

<u>മറുപടി:</u> മുൻ ഖണ്ഡിക (ബി) യിലെ ഉത്തരം

സെക്ഷൻ ഓഫീസർ